# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **07-01-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 675**

## അതിവേഗ റെയിൽ കോറിഡോർ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. ബേബി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>വകുപ്പു മന്ത്രി) |
| (എ) തിരുവനപുരം മുതൽ കാസർഗോഡ് വരെയുള്ള 'അതിവേഗ റെയിൽ കോറിഡോർ പദ്ധതി' യുടെ ആദ്യ ഘട്ട പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ എത്ര ശതമാനം ഇതിനകം ചെലവഴിച്ചിട്ടുണ്ട് ; | (എ) ഈ പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി 2011-12 - ലെ സാമ്പത്തിക വർഷത്തിൽ 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് ഡി.എം.ആർ.സി. - യുടെ കൺസൾട്ടി ഫീയുടെ രണ്ടു ഗഡു, മറ്റു ഓഫീസ് ചെലവുകൾ, എന്നിവ നടത്തിയിട്ടുണ്ട്. ഈ പദ്ധതിക്ക് ഇതുവരെ ഉദ്ദേശം 21 കോടി രൂപ ചെലവ് വന്നിട്ടുണ്ട്. (42%) |
| (ബി) റെയിൽ കോറിഡോറിന്റെ റൂട്ട് അന്തിമമായി അംഗീകരിക്കുകയുണ്ടായോ; എത്ര ഏക്കർ സ്ഥലം ഇതിനായി ഏറ്റെടുക്കേണ്ടതായി വരും; അക്വിസിഷനുവേണ്ടി ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (ബി) വിശദമായ പഠന റിപ്പോർട്ട് ലഭിച്ച ശേഷം മാത്രമേ റൂട്ട് സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കുകയുള്ളൂ. |
| (സി) ഈ പദ്ധതിയുടെ കണക്കാക്കപ്പെട്ട മൊത്തം ചെലവ്, വയബിലിറ്റി, ബ്രേക്ക് ഈവൻ പീരീഡ് തുടങ്ങിയ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (സി) പ്രാഥമിക സാധ്യതാപഠന റിപ്പോർട്ട് അനുസരിച്ച് ഉദ്ദേശം 1,18,000/- കോടി രൂപ ചിലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കി വരുന്നതേയുള്ളു. അതിനു ശേഷം മാത്രമേ വിശദാംശങ്ങൾ നൽകാൻ കഴിയുകയുള്ളൂ. |
| (ഡി) നിലവിലുള്ള റയിൽവേ ലൈനിനോടനുബന്ധിച്ചല്ലാതെയുള്ള റൂട്ടുകൾ ഉണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം റൂട്ടുകൾ എന്ന് വിശദമാക്കാമോ? | (ഡി) വിശദമായ പഠന റിപ്പോർട്ട് ലഭിച്ചതിനു ശേഷമേ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ